LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ കോളേജ് ആശുപത്രികളുടെ പരിപാലനം

58 (507) ശ്രീ. കെ. കെ. ഷാജു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾ വൃത്തിയായി സൂക്ഷിക്കുന്നതിനും, പഴയതും തകർന്ന് കിടക്കുന്നതും സൗകര്യങ്ങളില്ലാത്തതുമായ കെട്ടിടങ്ങൾക്കുപകരം പുതിയവ നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) താഴ്ന്ന വിഭാഗം ജീവനക്കാരെ കൂടുതലായി നിയമിച്ച് ഗവണ്മെന്റ് മെഡിക്കൽ കോളേജുകളുടെ ശുചിത്വനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ കെട്ടിടങ്ങൾ പുതുക്കിപ്പണിയുന്നതിനായി 5,78,19,939 രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) നിലവിൽ സർക്കാർ ഉത്തരവ് പ്രകാരം, ഹൗസ്കീപ്പിങ്ങ് കമ്മിറ്റികൾ രൂപീകരിച്ച് സർക്കാർ മെഡിക്കൽ കോളേജുകളുടെ ശുചിത്വനിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അടിയന്തരഘട്ടങ്ങൾ എച്ച്.ഡി.സി. മുഖേനയും മറ്റും താൽക്കാലിക ജീവനക്കാരെ കൂടുതലായി നിയമിച്ച് ശുചിത്വനിലവാരം മെച്ചപ്പെടുത്തിവരുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പുതിയ ഒ.പി. ബ്ലോക്കിന്റെ പ്രവർത്തനം

59 (508) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പുതിയ ഒ.പി. ബ്ലോക്കിന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇവിടെ ഇനിയും എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്താനുള്ളത് ;

(സി) ഇപ്പോൾ പുതിയ ഒ.പി. ബ്ലോക്കിൽ എത്ര യൂണിറ്റുകളിലുള്ള രോഗികളെയാണ് പരിശോധിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;